# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1026 — 13/06/2013 ൽ മറുപടിക്ക്

### പെരിങ്ങോട്ട് കുറിശ്ശി ബമ്മണ്ണൂർ സ്ക്കൂളിലെ വികസന പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എ പ്രകാരം ഹൈസ്ക്കൂൾ ആയി അപ് ഗ്രേഡ് ചെയ്ത സ്ക്കൂളുകളിൽ ഭൗതിക സൗകര്യങ്ങളൊന്നും ഇല്ലെന്ന വിവരം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | എ) | ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ ആയി അപ് ഗ്രേഡ് ചെയ്ത ചില സ്കൂളുകളിൽ മതിയായ ഭൗതിക സൌകര്യങ്ങൾ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | തരൂർ മണ്ഡലത്തിലെ പെരി ങ്ങോട്ടു കുറിശ്ശി ബമ്മണ്ണൂർ സ്ക്കൂളിൽ ആർ.എം.എസ്സ്.എ പ്രകാരം നടപ്പിലാക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ ഇനിയും നടപ്പിലാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | പെരിങ്ങോട്ടു കുറിശ്ശി ബമ്മണ്ണൂർ സ്ക്കൂളിൽ കെട്ടിട നിർമ്മാണത്തിനുള്ള ആദ്യ ഗഡുവായ 20 ലക്ഷം രൂപ സ്കൂൾ മാനേജ്മെൻറ് ഡവലപ്മെൻറ് കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. |
| സി) | പുതിയ ക്ലാസ്സ് മുറികൾ നിർമ്മി ക്കുന്നതിന് എന്തെല്ലാം നടപടിക ളാണ് സർക്കാർ സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ; | സി) | കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം അനുവദിച്ചിരിക്കുന്ന തുക നിലവിലുള്ള സ്റ്റേറ്റ് ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം അപര്യാപ്തമായതിനാൽ അധികമായി വേണ്ടി വരുന്ന തുക ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഇതിനായി കേന്ദ്ര സഹായം ലഭി ച്ചിട്ടും എന്തു കൊണ്ടാണ് കെട്ടിട നിർമ്മാണം നടത്താതിരുന്നത്; | ഡി) | ലഭിച്ച കേന്ദ്ര സഹായം ആർ.എം.എസ്.എ നിഷ്കർഷിക്കുന്ന പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനും അനുബന്ധ വസ്തുക്കൾക്കും അപര്യാപ്തമായതിനാലാണ് കെട്ടിട നിർമ്മാണം തുടങ്ങാൻ കഴിയാതിരുന്നത്. |

| | | | |
|---|---|---|---|
| ഇ) | 2013-14 അധ്യയന വർഷം കെട്ടിട നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാകുമോ? | ഇ) | 2013-14 വർഷം കെട്ടിട നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി അതതു ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും സംസ്ഥാന ഗവൺമെന്റിൽനിന്നും കെട്ടിട നിർമ്മാണത്തിന് അധികമായി വേണ്ടിവരുന്ന തുക അനുവദിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ